നം.ഡി5/26330/17/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 06/05/2017

# സർക്കുലർ

വിഷയം - പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നുള്ള ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ സ്ഥാനക്കയറ്റം - സംബന്ധിച്ച്.

സൂചന - ഹയർസെക്കൻഡറി ഡയറക്ടറുടെ 27.04.2017 ലെ എഡി.ബി 7/20239/2016/എച്ച്.എസ്.ഇ നമ്പർ കത്ത്

ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നും ഹയർസെക്കൻഡറി പ്രിൻസിപ്പൾ സ്ഥാനക്കയറ്റത്തിന് അർഹരായവരുടെ അപേക്ഷ ക്ഷണിക്കുവാൻ സൂചന പ്രകാരം ഹയർസെക്കൻഡറി ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു. 01.01.2016 മുതൽ 31.12.2016 വരെയുള്ള ഡിപ്പാർട്ട്മെന്റ് ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച താൽകാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകർ മാത്രം ഹയർസെക്കൻഡറി സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1) 2014, 2015, 2016 വർഷങ്ങളിലെ പൂർണ്ണമായ കോൺഫിഡൻഷ്യൽ റിപ്പോർട്ട് (കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ അദ്ധ്യാപകർ പഠിപ്പിക്കുന്ന വിഷയം കൂടി പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.)
2) ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിരീക്ഷണകാലം (പ്രൊബേഷൻ) തൃപ്തികരമായി പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ്
3) പോസ്റ്റ് ഗ്രാജുവേഷന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പും മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.
4) ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, എലിജിബിലിറ്റി ടെസ്റ്റ് പാസ്സായതിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
5) കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ എച്ച്.എസ്.എ റാങ്ക് നമ്പർ, എച്ച്.എം/എ.ഇ.ഒ റാങ്ക് നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയാണ് സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അദ്ധ്യാപകർ സമർപ്പിക്കു അസ്സൽ യോഗ്യത സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഇതോടൊപ്പം ചേർത്തിരിക്കുന്ന പ്രൊഫോർമയും പൂരിപ്പിച്ച് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും അനുബന്ധ രേഖകളും സഹിതം 10.06.2017 ന് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും താങ്കളുടെ പരിധിയിലുള്ള ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സമാന തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ടി സർക്കുലർ നിർബന്ധമായും നൽകേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന അപേക്ഷയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രത്യേക ദൂതൻ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഡി സെക്ഷനിൽ നേരിട്ട് ഹാജരാക്കണം. **നിശ്ചിത സമയപരിധിക്കുള്ളിലും വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയും അല്ലാത്ത യാതൊരു അപേക്ഷയും ഈ ഓഫീസിൽ സ്വീകരിക്കുന്നതല്ല.** മുൻപ് അപേക്ഷയും കോൺഫിഡൻഷ്യൽ റിപ്പോർട്ടും സമർപ്പിച്ചവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

D. SANTHOSH KUMAR
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താക്കൾ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ്:

ഡയറക്ടർ
ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പ്
ഹയർസെക്കൻഡറി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

## PROFORMA

1. Name of Headmaster/AEO/Equated categories :
2. Educational Qualifications :
3. PG Degree :

   a) Specify subject :

4. B.Ed Degree :

   a) Specify Subject :

   b) Name of University & Year of passing :

   c) Regular or Correspondence :

   d)Teaching experience No. of years

   (Higher Secondary or High School level only) :

   e)Date of promotion in the cadre of HM/AEO :

   f)Date of joining duty as HM/AEO :

   g)Order No & Date of Probation declaration in the post of HM/AEO :

   h) Details of CR Submission :

   i) HSA Seniority Number&Year *(must be filled)* :

   j) HM/AEO Seniority Number&Year *(must be filled)*:

In the case of Degree taken from University outside Kerala Equivalence Certificate issued from any of the University in Kerala should be produced. In some equivalence certificate, it is seen that only "Regular" course has been recognized as equivalent. In such cases, course certificate, transfer certificate etc should be produced for verification.

**Signature of the HM/AEO equated categories**

**Counter signed by Deputy Director of Education concerned**